# സെന്റ്. തോമസ് ഓർത്തഡോക്സ് പള്ളി,നെച്ചൂർ

ഭാരതത്തിന്റെ അപ്പോസ്തോലനായ വി. തോമാശ്ലീഹായുടെ നാമധേയത്തിലുള്ള ഈ ദേവാലയം പതിനാലാം നൂറ്റാണ്ടിലാണ് സ്ഥാപിതമായത്. പിറവം സെന്റ്. മേരീസ് ഓർത്തഡോക്സ് ഇടവകക്കാരായിരുന്ന ഈ ദേശവാസികളുടെ സൗകര്യാർത്ഥമാണ് ഇവിടെ ഈ ആരാധനാലയം നിർമ്മിക്കപ്പെട്ടത്. മതസൗഹാർദ്ദത്തിന്റെ മാതൃകയായി തുടക്കം മുതലേ പരിലസിച്ചിരുന്ന ദേവാലയമാണിതെന്ന് ചരിത്രരേഖകളിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കും. കൊല്ലവർഷം 630-ാം ആണ്ടിൽ ഈ ദേവാലയം സ്ഥിതിചെയ്യുന്ന സ്ഥലം അറയ്ക്കൽ പ്രഭു കൃഷ്ണബാല കൈമൾ എന്ന വ്യക്തി ദാനമായി നൽകിയതായിരുന്നു.

മോർ യോനാ ദീർഘദർശിയുടെ ഓർമ്മയെ കൊണ്ടാടുന്ന വി. മൂന്ന് നോമ്പ് പെരുന്നാളാണ് ഈ പള്ളിയിലെ പ്രധാന പെരുന്നാളായി ആചരിച്ചുവരുന്നത്. പെരുന്നാളിന് മുമ്പുള്ള നോമ്പു ദിവസങ്ങളിൽ പള്ളിയിൽ നമസ്കാരങ്ങളും തുടർന്ന് വൈകിട്ട് സുവിശേഷയോഗങ്ങളും നടത്തിവരുന്നു. മറ്റു പള്ളികളിലെങ്ങും തന്നെ കാണാത്ത കറി നേർച്ച ഇവിടുത്തെ പെരുന്നാളിന്റെ പ്രത്യേകതയാണ്. ഭക്തജനങ്ങൾ വഴിപാടായി കൊണ്ടുവരുന്ന തേങ്ങ, ശർക്കര, അരിപ്പൊടി എന്നിവ ഉപയോഗിച്ച് തേങ്ങാപ്പാലിൽ തയ്യാറാക്കുന്ന നേർച്ചക്ക് പൂർവ്വീകർ കറി നേർച്ച എന്നാണ് വിളിച്ചു വന്നിരുന്നത്. പഞ്ഞം, വസന്ത, വസൂരി മുതലായ പകർച്ചവ്യാധികൾ, വളർത്തുമൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ എന്നിവ ഭവനങ്ങളിൽ വരാതിരിക്കുവാൻ അംഗസംഖ്യക്കൊത്തവണ്ണം നാളികേരം കറിനേർച്ചയ്ക്കായി പള്ളിയിൽ വഴിപാടായി അർപ്പിക്കുന്ന പതിവ് പൂർവ്വിക കാലം മുതലേ ഇവിടെയുള്ളതാണ്.

പള്ളിയ്ക്കു സമീപമായി സെന്റ്. ജോൺസ് ബാപ്റ്റിസ്റ്റ് കാതോലിക്കേറ്റ് സെന്ററും പ്രവർത്തിക്കുന്നു. രണ്ടുനിലകളിലായി നിർമ്മിച്ചിരിക്കുന്ന ഈ സെന്ററിന്റെ താഴുത്തെ നിലയിൽ കോലഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയുടെ സേവന വിഭാഗം പ്രവർത്തിക്കുന്നു. സാമൂഹ്യസേവനാർത്ഥം ഷേഡ് എന്ന സംഘടനയും പ്രവർത്തിക്കുന്നുണ്ട്.

വികാരി : റവ. ഫാ. ജോസഫ് മങ്കിടിയിൽ

Trustee | Trustee | Secretary

  

Bose P | K V Paul | Sunny Paulose

---

Sunday School H M. | OCYM Secretary | Vanitha Samagam Secretary

  

Mary George | Anson Alias | Molly Varghese

---

Diocesan Council Members | Prayer group Secretaries

   

Dr K C Varghese | Sabu E M | P K Varghese | Joy K C